## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3902 — 24.08.2017-ൽ മറുപടിയ്ക്ക്

## ചികിത്സാധനസഹായം വിതരണം ചെയ്യാൻ ഉണ്ടാകുന്ന കാലതാമസം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗത്തിന് ചികിത്സാധനസഹായം അനുവദിച്ച് ഉത്തരവിറങ്ങിയിട്ടും ജില്ലാ ഓഫീസുകളിൽ നിന്നും പണം വിതരണം ചെയ്യാൻ ആറുമാസത്തിലധികം സമയമെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പട്ടികജാതി വിഭാഗത്തിന് ചികിത്സാധനസഹായം അനുവദിക്കുന്ന ഉത്തരവുകളിന്മേൽ ജില്ലാ പട്ടികജാതി വികസന ഓഫീസുകളിൽ നിന്നും ചികിത്സാ ധനസഹായ തുക വിതരണം ചെയ്യാൻ 6 മാസത്തിലധികം സമയം എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്രയധികം കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണ്; | (ബി) | ബാധകമല്ല. |
| (സി) | അനുവദിച്ച ചികിത്സാ ധനസഹായം സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (സി) | ചികിത്സാധനസഹായം സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 1/9/2017 മുതൽ പദ്ധതി ഓൺലൈൻ ആയി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ